നമ്പർ.സി.ജനറൽ(3)22417/2012/സി.ജി.ഇ

പരീക്ഷാകമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി: 27/04/2012

## വിജ്ഞാപനം

**വിഷയം : എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) സേവ് എ ഇയർ പരീക്ഷ - മെയ് 2012 - സംബന്ധിച്ച്.**

2012 - മാർച്ചിലെ എസ്.എസ്.എൽ.സി (**ഹിയറിംഗ് ഇംപയേർഡ്**) പരീക്ഷയിൽ റെഗുലർ വിഭാഗത്തിൽ ഏതെങ്കിലും രണ്ടു പേപ്പറിന് മാത്രം മിനിമം ഗ്രേഡ് D+ ലഭിക്കാത്തതിന്റെ പേരിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്കുമാത്രമായി സേവ് എ ഇയർ ("സേ") പരീക്ഷ നടത്തുന്നതാണ്. 2012 മേയ് മാസം 14 മുതൽ 18 വരെ തീയതികളിൽ തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിലാണ് "സേ"പരീക്ഷ നടത്തുന്നത്. പരീക്ഷാകേന്ദ്രങ്ങളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്.

**സേ പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ**

1 2012 -മാർച്ചിൽ റെഗുലർ വിഭാഗത്തിൽ എസ്.എസ്എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷ എഴുതിയവർക്ക് മാത്രേമേ "സേ" പരീക്ഷ എഴുതുന്നതിന് അർഹതയുള്ളൂ.

2 ഏതു വിഷയത്തിലായാലും രണ്ട് പേപ്പറുകൾക്ക് ഡി,ഇ ഗ്രേഡുകൾ (D+ ന് താഴെ)ലഭിച്ചതുകൊണ്ട് ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ "സേ" പരീക്ഷ എഴുതി ഗ്രേഡ് മെച്ചപ്പെടുത്തുവാൻ അർഹതയുള്ളൂ.

3 ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയിൽ രണ്ടു പേപ്പറുകൾക്ക് ഹാജരാകാൻ സാധിക്കാതെ വന്നിട്ടുള്ളവർക്കും പ്രസ്തുത പേപ്പറുകൾക്ക് "സേ" പരീക്ഷ എഴുതാവുന്നതാണ്.

4 കൂടാതെ 2012 മാർച്ചിലെ എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇംപയേർഡ്)) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷ യോടൊപ്പം ഹാജരാക്കേണ്ടതാണ്.

5 എഴുത്തു പരീക്ഷയുടെ സ്കോർ മാത്രമേ "സേ" പരീക്ഷയിലൂടെ മെച്ചപ്പെടുത്താൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

6 2012 മാർച്ചിലെ എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റ് ഔട്ട് ഉപയോഗിച്ച് അപേക്ഷ നൽകാവുന്നതാണ്.

7 "സേ" പരീക്ഷയ്ക്ക് ഉത്തരക്കടലാസുകൾ പുനർമൂല്യ നിർണ്ണയത്തിനും സ്ക്രൂട്ടിനിക്കും അനുവദിക്കുന്നതല്ല.

8 പുനർമൂല്യനിർണ്ണയത്തിനും അതോടൊപ്പം "സേ" പരീക്ഷയ്ക്കും അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിന്നർഹത നേടിയതായിക്കണ്ടാൽ "സേ" പരീക്ഷാഫലം പരിഗണിക്കുന്നതല്ല.

**പരീക്ഷാ തീയതിയും സമയവും**

| തീയതി | സമയം | വിഷയം |
|---|---|---|
| 14/05/2012 തിങ്കൾ | 10.00 മുതൽ 12.45 വരെ | മലയാളം |
| | 1.45 മുതൽ 4.30വരെ | ഇംഗ്ലീഷ് |
| 15/05/2012 ചൊവ്വ | 10.00 മുതൽ 12.45 വരെ | മാത്തമാറ്റിക്സ് |
| | 1.45 മുതൽ 4.30 വരെ | ജിയോഗ്രഫി & ഇക്കണോമിക്സ് (എസ്.എസ്. II) |
| 16/05/2012 ബുധൻ | 10.00 മുതൽ 11.45 വരെ | ഫിസിക്സ് |
| | 1.45 മുതൽ 3.30 വരെ | കെമിസ്ട്രി |
| 17/05/2012 വ്യാഴം | 10.00 മുതൽ 11.45 വരെ | ബയോളജി |
| | 1.45 മുതൽ 4.30 വരെ | ഹിസ്റ്ററി & സിവിക്സ് (എസ്.എസ്. I) |
| 18/05/2012 വെള്ളി | 10.00 മുതൽ 11.15വരെ | ഇൻഫർമേഷൻ ടെക്നോളജി |

**പരീക്ഷാഫീസ്**

"സേ" പരീക്ഷ എഴുതുന്നതിന് അപേക്ഷയോടൊപ്പം (അനുബന്ധം എ) പേപ്പർ ഒന്നിന് 100 രൂ വീതം പരീക്ഷ എഴുതുന്ന കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ പണ മായി നൽകേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം 2012 മാർച്ച് എസ്.എസ്.എൽ.സി. (ഹിയറിംഗ് ഇം യേർഡ് ) പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ടും നൽകേണ്ടതാണ്.

ലഭിച്ച തുക ചീഫ് സൂപ്രണ്ട് സെക്രട്ടറി റ്റു ദി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്ത് മാറത്തക്ക വിധത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷ സെക്രട്ടറിയ്ക്ക് അയക്കേണ്ടതാണ്.

"സേ" പരീക്ഷ എഴുതാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ. മാത്രമല്ല അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പു വരുത്തേണ്ടതാണ്.

**പരീക്ഷാഫീസ് സ്വീകരിക്കുന്ന അവസാന തീയതി - 04/05/2012**

ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും (അനുബന്ധം ബി) പരീക്ഷ എഴുതുന്ന കുട്ടികളുടെ വിവരങ്ങളും (അനുബന്ധം സി) 05/05/2012 വൈകുന്നേരം 5 മണിക്ക് മുമ്പായി cgeasection@gmail.com എന്ന അഡ്രസ്സിൽ ഇ മെയിൽ ചെയ്യേണ്ടതാണ്.

**ഹാൾടിക്കറ്റ്**

അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് തന്നെ ചീഫ് സൂപ്രണ്ടുമാർ ഹാൾടിക്കറ്റ് നൽകേണ്ടതാണ്. (അനുബന്ധം ഡി ) 2012 മാർച്ചിൽ പരീക്ഷാർത്ഥികൾക്ക് നൽകിയ രജിസ്റ്റർ നമ്പർ തന്നെയാണ് "സേ" പരീക്ഷയുടെ രജിസ്റ്റർ നമ്പരായി നൽകേണ്ടത്.

**സർട്ടിഫിക്കറ്റ്**

"സേ" പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2012 ലെ സർട്ടിഫിക്കറ്റിന് പകരം ഗ്രേഡ് രേഖപ്പെടുത്തിയ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**പരീക്ഷാകേന്ദ്രങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു**

1. **Centre Code 17801 - Rahmaniya HS for Handicapped, Valliparamba, Kozhikode**
2. **Centre Code 18801 - Assissi for the Deaf Malapparamba,Malappuram**
3. **Centre Code 20801 - Govt HS for the Deaf Ottappalam**

**ജോൺസ് വി. ജോൺ**
**സെക്രട്ടറി**

## അനുബന്ധം എ

## എസ്.എസ്.എൽ.സി (ഹിയറിംഗ് ഇംപയേർഡ്) സേവ് എ ഇയർ പരീക്ഷ - മെയ് 2012

## അപേക്ഷാഫാറം

1. പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും :
2. പരീക്ഷാർത്ഥിയുടെ പേര് :
3. ജനനതീയതി :
4. രക്ഷകർത്താവിന്റെ പേര് :
5. പൂർണ്ണ മേൽവിലാസം :
6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ***
(ഡി+ ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പറുകൾ)

| ക്രമ നം. | പരീക്ഷ എഴുതുന്ന പേപ്പറുകൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1. | | |
| 2. | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*****2012 മാർച്ചിലെ എസ്.എസ്.എൽ.സി. ഹിയറിംഗ് ഇംപയേർഡ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം ഗുരുതരമായ രോഗം പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.**

7. പരീക്ഷ എഴുതുന്ന മാധ്യമം :
8. 2012 മാർച്ചിൽ എഴുതിയ പരീക്ഷയുടെ രജിസ്റ്റർ നമ്പർ :
9. അടയ്ക്കുന്ന തുക :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി:

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

## APPENDIX - B

### SSLC (HI) SAY EXAMINATION - MAY 2012

### QUESTION PAPER STATEMENT

**Name of Centre :**

**Centre Code :** **Phone No:**

**Name of Educational District :**

| Sl. No. | Subject | No. of Question Papers Required | Medium |
|---|---|---|---|
| 1 | Malayalam | | |
| 2 | English | | |
| 3 | Physics | | |
| 4 | Chemistry | | |
| 5 | Biology | | |
| 6 | Mathematics | | |
| 7 | History & Civics (SSI) | | |
| 8 | Geography & Economics (SSII) | | |
| 9 | Information Technology | | |

**Signature of Headmaster**

School Seal

Place:

Date :

N.B: Statement should be e-mailed on or before 05/05/2012 in the emailid:pareekshabhavancgl@gmail.com

# ANNEXURE - C

## SSLC (HEARING IMPAIRED) SAY ECAMIANTION MAY - 2012

### DETAILS OF CANDIDATES REGISTERED

Name of Centre : ………………… Centre No. ………………………..

Educational District : ……………………………………..

No. of Boys: …………….. Girls: …………………… Total : ………………

| Sl. No. | Reg. No. | Name of Candidates | Paper Registered (Put 'x' mark in appropriate column) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | Malayalam | English | Physics | Chemistry | Biology | Mathematics | History & Civics SSI | Georgraphy & Economics SS II | IT |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

Place :

Date :

N.B.: Statement should be emailedin the Id: pareekshabhavancgl@gmail.com on or before 05/05/2012

# APPENDIX – D

## SECONDARY SCHOOL LEAVING CERTIFICATE (HEARING IMPAIRED)
## SAVE A YEAR EXAMINATION – MAY 2012

## ADMISSION TICKET

Register Number of Candidate :

Name of Candidate in Block Letters :
(with house name in the case of
Candidate with identical names)

Name of Centre :

Name of Parent/Guardian :

Full Address :

**Signature of Chief Superintendent**
**(To be signed on the photograph)**

Signature of Candidate :

**Signature of Chief Superintendent**

(School Seal)

---

## Instructions to Candidates

1 Candidates must have their admission tickets with them when they are attending the practical and written examinations
പരീക്ഷാർത്ഥികൾ എഴുത്ത് പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ അഡ്മിഷൻ ടിക്കറ്റ് അവരവരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

2. They must write the name of examination S.S.L.C. (Hearing Impaired) the year and month of exam, register number and subject only on the facing sheet of the answer book
ഉത്തരക്കടലാസിന്റെ മുൻവശത്തുള്ള ഷീറ്റിൽ പരീക്ഷയുടെ പേര് S..S.L.C. (Hearing Impaired) വർഷം, മാസം, രജിസ്റ്റർ നമ്പർ, വിഷയത്തിന്റെ പേര് എന്നിവ മാത്രം എഴുതേണ്ടതാണ്.

3. Candidate who arrives more than 30 minutes late in the Examination Hall will not admitted to the examination
നിശ്ചിത സമയം കഴിഞ്ഞ് 30 മിനിട്ടിലധികം താമസിച്ചു വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല

4. If graph paper, drawing paper etc, are supplied, they must securely be attached to the answer book with the candidates register number duly entered on them. The register number should be written towards the top of every additional sheet used. The total number of additional sheets used should also be noted on the top of the facing sheet of the answer book
ഗ്രാഫ് പേപ്പറോ, ഡ്രോയിംഗ് പേപ്പറോ തന്നാൽ അതിൽ രജിസ്റ്റർ നമ്പർ എഴുതി ഉത്തരക്കടലാസിൽ ഭദ്രമായി തുന്നിക്കോർക്കണം. <u>കൂടുതലായി ഉപയോഗിക്കുന്ന ഓരോ ഷീറ്റിലും മുകൾഭാഗത്ത് രജിസ്റ്റർ നമ്പർ എഴുതിയിരിക്കണം.</u> കൂടാതെ, ഉപയോഗിച്ചിട്ടുള്ള ആകെ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിന്റെ ആദ്യപേജിൽ മുകളിൽ എഴുതേണ്ടതാണ്.

5. Candidates should use the same ink throughout one session.
ഒരു പേപ്പർ എഴുതുന്നതിന് ഒരേതരം മഷി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

6. Candidates should scrutinize the entries made in their Admission ticket issued by the Chief Superintendent and point out mistakes, if any, then and there and get them rectified
ചീഫ് സൂപ്രണ്ട് തരുന്ന അഡ്മിഷൻ ടിക്കറ്റ് നല്ലവണ്ണം പരിശോധിക്കേണ്ടതും അതിൽ വല്ല തെറ്റുകളും ഉണ്ടെങ്കിൽ അതിനെ അവിടെ വച്ചുതന്നെ തിരുത്തി വാങ്ങേണ്ടതാണ്.

7. Malpractices or attempt to malpractice or even taking any manuscript to the Examination Hall or writing anything on the instrument boxes, cloth or admission tickets and writing on wall or on any

part of the body, using mobile phones etc., will be considered as malpractice and the candidates who resort to such practice will be dealt with severely.
പരീക്ഷാഹാളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ (പുസ്തകങ്ങളോ, നോട്ടുബുക്കുകളോ മറ്റു കടലാസുകഷണങ്ങളോ പരീക്ഷാ ഹാളിൽ കൊണ്ടുപോകുക, അവ നോക്കി എഴുതുക, അഡ്മിഷൻ ടിക്കറ്റ്, വസ്ത്രം, ഉപകരണങ്ങൾ, ഭിത്തി, ശരീരത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ മുതലായവയിൽ എന്തെങ്കിലും എഴുതി കൊണ്ടുപോകുക, മൊബൈൽ ഫോൺ ഉപയോഗിക്കുക) കാണിക്കുന്നവരുടെ പേരിൽ കർശനമായി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

8. Immediately on receipt of the question paper, candidates should note their Register Numbers on the top (with signature). Those who leave the examination hall earlier should deposit the question papers with the Assistant Superintendents.
ചോദ്യക്കടലാസ് കിട്ടിയാലുടനെ അവരവരുടെ രജിസ്റ്റർ നമ്പരുകൾ അതിന്റെ മുകളിൽ എഴുതി ഒപ്പ് വയ്ക്കേണ്ടതാണ്. പരീക്ഷാ സമയം കഴിയുന്നതിന് മുൻപ് ഇറങ്ങുന്നവർ ചോദ്യക്കടലാസുകൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

9. Any strong misbehavior inside the examination room or within the school premises will be treated, as malpractice and strong action will be taken on the basis of the reports received from Chief Superintendents.
സ്കൂൾ പരിസരങ്ങളിൽ വെച്ചുള്ള എല്ലാ ക്രമരഹിതമായ പെരുമാറ്റങ്ങളും പരീക്ഷാസംബന്ധമായ ക്രമക്കേടുകളും കാണിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

10. Stringent action will be taken on reports of intimidation, assault, use of abusive language, sprinkling of ink or indecent behavior inside or outside the school premises) towards those engaged in examination duty.
പരീക്ഷ സംബന്ധിച്ച ചുമതലകളിൽ ഏർപ്പെടുന്ന സൂപ്രണ്ടുമാർ മുതലായവരെ ഭീഷണിപ്പെടുത്തുക, കയ്യേറ്റം ചെയ്യുക, മഷി കുടയുക, അസഭ്യം പറയുക, മറ്റേതെങ്കിലും വിധത്തിൽ അവരോട് സ്കൂൾ പരിസരങ്ങളിൽ വെച്ചോ പുറത്തുവച്ചോ അപമര്യാദയായി പെരുമാറുക മുതലായവയെ സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളിൻമേൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## TIMETABLE FOR SSLC ( HI) SAVE A YEAR EXAMINATION – MAY 2012

| Date | Day | Time | Subjects |
|---|---|---|---|
| 14/05/2012 | Monday | 10. AM to 12.45 PM | Malayalam |
| | | 1.45 PM to 4. 30PM | English |
| 15/05/2012 | Tuesday | 10.AM to 12.45 AM | Mathematics |
| | | 1.45PM to 4.30PM | Geography & Economics (SSII) |
| 16/05/2012 | Wednesday | 10.00 AM to 11.45 AM | Physics |
| | | 1.45 PM to 3.30 PM | Chemistry |
| 17/05/2012 | Thursday | 10.00 AM to 11.45 AM | Biology |
| | | 1.45 PM to 4.30 PM | History and Civics (SSI) |
| 18/05/2012 | Friday | 10.00 AM to 11.15 AM | Information Technology |

കൂൾ ഓഫ് ടൈം. 15 മിനിട്ട്

**പ്രത്യേക ശ്രദ്ധയ്ക്ക്**

- അംഗീകരിച്ചിട്ടുള്ള ഔദ്യോഗിക സമയം കൃത്യമായി പാലിക്കേണ്ടതാണ്
- പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റി വയ്ക്കുന്നതല്ല.
- പരീക്ഷാ ദിവസങ്ങളിൽ ഏതെങ്കിലും ദിവസം അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയ വിവരപ്പട്ടിക കർശനമായും പാലിക്കേണ്ടതാകുന്നു.

*******************